# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.771 — 12.12.2012 ൽ മറുപടിക്ക്

വിദ്യാലയങ്ങളുടെ പരിധിയിൽ അനധികൃത പുകയില കച്ചവടം നടത്തുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ഉമ്മർ: | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാലയങ്ങളുടെ 400 മീറ്റർ പരിധിയിൽ പുകയില കച്ചവടം പാടില്ലെന്ന സർക്കുലർ തദ്ദേശ സ്വയംഭരണ വകുപ്പ് പിൻ വലിച്ചത് സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. പിൻവലിച്ച സർക്കുലർ 17.05.2012 ലെ ജി.ഒ(എം.എസ്) നം.133/12/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുന:സ്ഥാപിച്ചുണ്ട്. |
| (ബി) | നിലവിൽ ആരോഗ്യവകുപ്പ് പുറത്തിറക്കിയ 400 മീറ്റർ ദൂരപരിധി എന്ന ഉത്തരവ് പുന:സ്ഥാപിച്ചിട്ടുണ്ടോ; | (ബി) | 13.01.2012 ലെ ജി.ഒ(പി) നം.10/12/ആ.ക.വ പ്രകാരം പാൻമസാല തുടങ്ങിയ ലഹരി വസ്തുക്കളുടെ വിൽപനയുടെ നിരോധനം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 400 മീറ്ററായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ ഈ ഉത്തരവ് ഇപ്പോഴും നിലവിലുണ്ട്. |
| (സി) | വിദ്യാലയങ്ങളുടെ പരിധിയിൽ പുകയില കച്ചവടം നിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം | (സി) | പുകയില ഉപയോഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് 14.09.2011 ലെ ജി.ഒ(ആർ.റ്റി) 4205/11/ആ.ക.വ. പ്രകാരം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതതല സമിതി രൂപീകരിക്കുകയും പുകയില ഉൽപ്പന്ന ങ്ങളുടെ ഉപയോഗം നിയന്ത്രി ക്കുവാൻ |

| | | | |
|---|---|---|---|
| | നൽകുമോ? | | ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. 6.12.11 ലെ ജി.ഒ(ആർ.റ്റി) 4205/11/ആ.കു.വ. , 13.12.11 ലെ ജി.ഒ(എം.എസ്) 566/11/ആ.കു.വ എന്നിവ പ്രകാരം സബ്ഇൻസ്പെക്ടർ മാരിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർ കോപ്റ്റ 2003 ലെ ചട്ടം 12 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ 13.01.2012 ലെ ജി.ഒ(പി) നം.10/12/ആ.കു.വ പ്രകാരം പാൻമസാല തുടങ്ങിയ ലഹരി വസ്തുക്കളുടെ വിൽപനയുടെ നിരോധനം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 400 മീറ്ററായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ ഉത്തരവ് നം.എ/1327/ 2012/സി.എഫ്.എസ് തീയതി 22.05.2012 പ്രകാരം പുകയില, നിക്കോട്ടിൻ എന്നിവ അടങ്ങിയിട്ടുള്ള പാൻമസാലകൾ, ഗുഡ്ക എന്നിവയുടെ ഉല്പാദനം, ശേഖരണം, വിതരണം എന്നിവ നിരോധിച്ചിട്ടുണ്ട്. ഇപ്രകാരം പുകയിലയുടേയും പുകയില ഉല്പന്നങ്ങളുടെയും ഉപയോഗത്തിൽ ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ